പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : *652 25.05. 2017 ൽ മറുപടിക്ക്

## കേന്ദ്ര വൈദ്യുതി ഭേദഗതി നിയമത്തിന്റെ കരടിലെ പ്രധാന നിർദ്ദേശങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ആർ.സുനിൽകുമാർ<br>" മുല്ലക്കര രത്നാകരൻ<br>ശ്രീമതി.ഇ.എസ്.ബിജിമോൾ<br>ശ്രീ.കെ.രാജൻ | ശ്രീ.എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) വൈദ്യുതി മേഖലയെ സാമൂഹിക ഉടമസ്ഥതയിൽ നിന്നും അടർത്തിമാറ്റി വൻകിട കോർപ്പറേറ്റുകൾക്ക് തീറെഴുതുന്ന കേന്ദ്ര സർക്കാരിന്റെ നയസമീപനങ്ങൾ സംസ്ഥാനത്തെ എപ്രകാരം ബാധിക്കുമെന്ന് വിശദമാക്കുമോ; | (എ) കേന്ദ്ര സർക്കാർ നിലവിലുള്ള വൈദ്യുതി നിയമത്തിൽ ചില ഭേദഗതികൾ വരുത്തുന്നതിന് ഒരു ബില്ല് പാർലമെന്റിൽ വച്ചിട്ടുണ്ട്. ആ ഭേദഗതി വൈദ്യുതി ബോർഡിനും, സർക്കാരിനും, പൊതുജനങ്ങൾക്കും ദോഷകരമായിരിക്കും എന്നാണ് വിലയിരുത്തുന്നത്. പ്രത്യേക വിഭാഗമായി സപ്ലേ ലൈസൻസി വരുന്നത് ക്രോസ് സബ്സിഡി ഇല്ലാതാക്കുകയും പാവപ്പെട്ട ഉപഭോക്താക്കളെ സാരമായി ബാധിക്കുകയും ചെയ്യും. കൂടാതെ പൊതു മുതൽ ഉപയോഗിച്ച് നിർമ്മിച്ച വൈദ്യുതി വിതരണ ശൃംഖല സ്വകാര്യ/വൻകിട/ധനിക ലൈസൻസികൾക്ക് നിയന്ത്രണ മില്ലാതെ നൽകുന്നതിന് നിർബന്ധിതമാകും. |
| (ബി) കേന്ദ്ര വൈദ്യുതി ഭേദഗതി നിയമത്തിന്റെ കരട് വിലയിരുത്തിയിട്ടുണ്ടോ; ഇതിലെ പ്രധാന നിർദ്ദേശങ്ങൾ വിശദമാക്കുമോ; | (ബി) ഉണ്ട്.കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച കരട് വൈദ്യുതി ഭേദഗതിയിലെ പ്രധാന നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.<br>1. വൈദ്യുതി വിതരണ മേഖല വിഭജിച്ച്, ശൃംഖലയുടെ നിർമ്മാണ പരിപാലനച്ചുമതല ഒരു സ്ഥാപനത്തിനും, വൈദ്യുതി വാങ്ങൽ-വിൽപ്പന മറ്റൊരു സ്ഥാപനത്തിനും (സപ്ലേ ലൈസൻസി) ആയി മാറ്റണം.<br>2. ഒരു പ്രദേശത്ത് ഒന്നിലധികം സപ്ലേ ലൈസൻസികൾ ഉണ്ടാകാം.<br>3. ഉപഭോക്താക്കൾക്ക് ഇഷ്ടമുള്ള സപ്ലേ ലൈസൻസി യിൽ നിന്നും വൈദ്യുതി വാങ്ങാം. അത് ഈ രംഗത്ത് മത്സരമുണ്ടാക്കുന്നതിന് വേണ്ടിയാണ്.<br>4. കേന്ദ്ര സർക്കാർ പുറപ്പെടുവിക്കുന്ന ദേശീയ വൈദ്യുതി പോളിസി, താരിഫ് |

| | |
|---|---|
| | പോളിസി തുടങ്ങിയവ കേന്ദ്ര വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ, സംസ്ഥാന കമ്മീഷൻ, സംസ്ഥാന സർക്കാരുകൾ, ഉല്പാദന ലൈസൻസികൾ തുടങ്ങിയവർക്ക് നിർബന്ധമായും ബാധകമാണ്.<br>5.റിന്യൂവബിൾ എനർജി ഉത്പാദകരിൽ നിന്നുള്ള ഉത്പാദനം പ്രോത്സാഹിപ്പിക്കുന്നു.<br>6.വിതരണ ലൈസൻസികളുടെയും, സപ്ലൈ ലൈസൻസികളുടെയും ഇടനിലയിൽ പ്രവർത്തിക്കുന്ന ഒരു ഇന്റർ മീഡിയറി കമ്പനിയും വിഭാവനം ചെയ്തിട്ടുണ്ട് |
| (സി) പ്രസ്തുത നയങ്ങളുടെ ഫലമായി സർക്കാർ ഉടമസ്ഥതയിലുള്ള വൈദ്യുതി വിതരണ സ്ഥാപനങ്ങൾ ലൈനുകളുടെയും പ്രതിഷ്ഠാപനങ്ങളുടെയും ഉടമസ്ഥർ മാത്രമായി ചുരുങ്ങുമോയെന്ന് വ്യക്തമാക്കുമോ? | (സി) ബിൽ പ്രകാരം, വൈദ്യുതി വിതരണ രംഗം വിഭജിക്കപ്പെടുകയും വിതരണ ശൃംഖലയുടെ ചുമതല വിതരണ ലൈസൻസികൾക്കും, യഥാർത്ഥ ക്രയവിക്രയ ചുമതല സപ്ലൈ ലൈസൻസികൾക്കും ആയിത്തീരുകയും ചെയ്യും. സപ്ലൈ ലൈസൻസികൾക്ക് നിലവിലുള്ള ശൃംഖലയിൽ കൂടി വൈദ്യുതി കടത്തി വിടുന്നതിനും, വിൽക്കുന്നതിനുമുള്ള അവകാശം ലഭിക്കും. ഉപഭോക്താവിന് വൈദ്യുതി എത്തിക്കുന്നതിനുള്ള ഉത്തരവാദിത്വം സപ്ലൈ ലൈസൻസികൾക്കായിരിക്കും. എന്നാൽ ഒരു വിഭാഗം ഉപഭോക്താക്കൾക്ക് വൈദ്യുതി നൽകുന്നതിന് സപ്ലൈ ലൈസൻസി ഇല്ലാതെ വന്നാൽ ഡിസ്ട്രിബ്യൂഷൻ ലൈസൻസി അവർക്ക് സപ്ലൈ നൽകണം.<br>ടി നയങ്ങളുടെ ഫലമായി സർക്കാർ ഉടമസ്ഥതയിലുള്ള വൈദ്യുതി വിതരണ സ്ഥാപനങ്ങൾ ലൈനുകളുടെയും, പ്രതിഷ്ഠാപനങ്ങളുടെയും ഉടമസ്ഥർ മാത്രമായി മാറും. കെ.എസ്.ഇ.ബി ലിമിറ്റഡിന് സപ്ലേ ലൈസൻസിയായും പ്രവർത്തിക്കാവുന്നതാണ്. എന്നാൽ മറ്റ് സ്വകാര്യ സപ്ലേ ലൈസൻസികൾക്കും അതേ മേഖലയിൽ പ്രവർത്തിക്കുന്നതിന് അനുമതിയുണ്ട്. |

സെക്ഷൻ ഓഫീസർ